ഗവൺമെൻറ് മെഡിക്കൽ കോളേജ് ഓഫീസ്

എ4/ 17734/ 2011 /എം.സി.സി കോഴിക്കോട് , തീയതി; 04..07..2012

**അടിയന്തിര ക്വട്ടേഷൻ /ലേലപരസ്യം**

കോഴിക്കോട് മെഡിക്കൽ കോളേജ് കാംപസിലെ കെട്ടിടനിർമ്മാണത്തിനായി പട്ടികയിൽ വിവരിക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി 2012 ജൂലൈ 12 ന് ഉച്ചക്ക് 2.30 ന് മെഡിക്കൽ കോളേജ് ഓഫീസിൽവെച്ച് പരസ്യലേലം നടത്തി വിൽപന നടത്തുന്നതാണ്. പരസ്യലേലത്തോടൊപ്പം മുദ്രവെച്ച രഹസ്യവും മൽസരസ്വഭാവവുമുള്ള ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ലേലത്തിലോ ദർഘാസിലോ കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന ആളിൻെറ പേരിൽ ലേലം ഉറപ്പിക്കുന്നതായിരിക്കും. മുദ്രവെച്ച ദർഘാസുകൾ 2012 ജൂലൈ 12 ന് ഉച്ചക്ക് " 12 മണിക്ക് മുൻപ് ഓഫീസിൽ ലഭിക്കേണ്ടതാണ്. ലേലത്തിനുശേഷം മാത്രമേ ദർഘാസുകൾ തുറക്കുകയുള്ളു.

**ലേലത്തിനുള്ള നിബന്ധനകൾ**

1. ലേലത്തിൽ പങ്കെടുക്കുന്നവർ 12.07.2012 ഉച്ചക്ക് 12.30 ന് മുൻപായി 100 രൂപ ഓഫീസിൽ അടച്ച് പേർ റജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടാതെ നിരദ്രവ്യമായി1000 രൂപ ലേലം ആരംഭിക്കുന്നതിനു മുൻപായി കെട്ടിവെക്കേണ്ടതാണ്. ലേലം ഏറ്റെടുക്കുന്ന ആൾ ഒഴികെയുള്ളവരുടെ കെട്ടിവെച്ച നിരദ്രവ്യം ലേലപ്രക്രിയ പൂർത്തിയാക്കുന്ന മുറക്ക് തിരിച്ചുനൽകുന്നതാണ്. റജിസ്ട്രേഷൻ ഫീ തിരികെ നൽകുന്നതല്ല.

2. ലേലത്തിൽ പങ്കെടുക്കുന്നവർ അവരെ തിരിച്ചറിയുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ് തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ,പാൻകാർഡ്, ഇന്ത്യൻപാസ്പോർട്ട് മറ്റ് നിയമാനുസൃതമായ തിരിച്ചറിയൽ രേഖകൾ എന്നിവയിൽ ഏതെങ്കിലുമൊന്ന് ഹാജരാക്കണം.

3. ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും;

   ഉയർന്ന ദർഘാ.സ് ലേലസംഖ്യയുടെ 50% (നിരദ്രവ്യം ഉൾപ്പെടെ) അപ്പോൾതന്നെ അടക്കേണ്ടതാണ്.

4. ദർഘാസുകൾ ആരുടെ പേരിൽ ഉറപ്പിക്കുന്നുവോ അയാൾ പ്രിൻസിപ്പാൾ ആവശ്യപ്പെടുന്ന സമയപരിധിക്കുള്ളിൽ മുഴുവൻ തുകയും നിയമാനുസൃതമുള്ള നികുതിയും അടച്ച് മരം മുറിച്ച് നീക്കം ചെയ്യേണ്ടതാണ്.
   കൂടാതെ സമർപ്പിച്ച നിരക്കിൻെറ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതും 100 രൂപ വിലയുള്ള മുദ്രപത്രത്തിൽ ഉടമ്പടി സമർപ്പിക്കേണ്ടതാണ്. മേൽ പറഞ്ഞ കാര്യങ്ങൾ പാലിക്കാത്ത പക്ഷം പ്രസ്തുത വ്യക്തിയുടെ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ദർഘ.ാസ് റദ്ദാക്കുന്നതും മറ്റ് നടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടാതെ നിരതദ്രവ്യം സർക്കാറിലേക്ക് മുതൽ ഒടുക്കുന്നതുമാണ്.

5. മുൻകൂർ അറിയിപ്പില്ലാതെ തന്നെ ലേലം നിർത്തിവെക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പ്രിൻസിപ്പാളിന് അധികാരമുണ്ടായിരിക്കും.

6. മെഡിക്കൽ കോളേജ് ജീവനക്കാർ ലേലത്തിൽ പങ്കെടുക്കാൻ പാടുള്ളതല്ല.

7. മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ കെട്ടിടങ്ങൾക്കോ മറ്റ് വസ്തു വകകൾക്കോ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അതിനുള്ള നഷ്ടപരിഹാരം ലേലം കൊണ്ട ആളിൽനിന്നും ഈടാക്കുന്നതായിരിക്കും.

8. മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ എന്തെങ്കിലും തരത്തിലുള്ള അപകടമോ അത്യാഹിതമോ സംഭവിച്ചാൽ അതിന്റെ ഉത്തരവാദി ലേലം കൊണ്ട വ്യക്തി മാത്രമായിരിക്കും.

9. ലേലം കൊണ്ട വ്യക്തിക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് പ്രിൻസിപ്പാളോ ഗവൺമെന്റോ ഉത്തരവാദി ആയിരിക്കുന്നതല്ല.

10. സർക്കാറിലേക്ക് അടക്കേണ്ടതായ എല്ലാ തുകയും അടച്ചതിന് ശേഷം ചലാൻ രശീത് പ്രിൻസിപ്പാൾ ഓഫീസിൽ കാണിച്ച് അനുമതി ലഭിച്ചതിനുശേഷം സെക്യൂരിറ്റി അസിസ്റ്റന്റിന്റെ സാന്നിധ്യത്തിൽ മരങ്ങൾ ലേലക്കാർ 15 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മുറിച്ച് നീക്കം ചെയ്യേണ്ടതാണ്.

<u>ലേലം ചെയ്യുന്ന മരങ്ങളുടെ പട്ടിക</u>

1. മഴ മരം 3 എണ്ണം
2. മാവ് 2 എണ്ണം
3. മുള്ളിലം 1
4. പുന്ന 1
5. സ്പത്തോഡിയ 1
6. അക്കേഷ്യ 1

ഒപ്പ്
പ്രിൻസിപ്പാൾ

പ്രിൻസിപ്പാളിനു വേണ്ടി